# ഗൾഫ് സലഫികളും
# കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനവും
(വിമർശനങ്ങൾക്ക് മറുപടി)

## പേരിൽപോലും ഇഖ്‌വാനിസം!

എം. ഐ സുല്ലമി തന്റെ പുസ്തകത്തിന് തെരഞ്ഞെടുത്ത പേരിൽ പോലും ഇഖ്‌വാനിസത്തിന്റെ സ്വാധീനം കാണാൻ സാധിക്കും. എത്ര ഒളിപ്പിച്ചുവെക്കാൻ ശ്രമിച്ചാലും 'തനിനിറം' പുറത്തുചാടാതിരിക്കില്ലല്ലോ. ഖാദിയാനിയ്യത്ത്, ബഹാഇയ്യത്ത് എന്നിവക്ക് യഥാക്രമം ഖാദിയാനിസം, ബഹാഇസം എന്നിങ്ങനെ പരിഭാഷ പറയുന്ന പോലെ സലഫിയ്യത്ത് എന്നതിന് 'സലഫിസം' എന്നും പരിഭാഷ പറയാറുണ്ടെങ്കിലും ആ പരിഭാഷയിൽ സലഫീ ആദർശങ്ങളെ കേവലം 'ഇസ'മാക്കി ചിത്രീകരിക്കുന്ന ഒരു പരിഹാസശൈലി ഒളിഞ്ഞു കിടപ്പുണ്ട്. പരിശുദ്ധ ഖുർആനും പ്രബലങ്ങളായ നബിവചനങ്ങളും അവലംബമാക്കി സലഫുസ്സാലിഹു (നല്ലവരായ മുൻഗാമി)കളുടെ ചര്യയനുസരിച്ച് ജീവിക്കുന്നവരാണ് 'സലഫികൾ'. സച്ചരിതരായ സലഫുകളുടെ പാവനമായ ആശയാദർശങ്ങളെ ഖാദിയാനിസം, ബഹാഇസം, ശീഇസം, മൗദൂദിസംപോലുള്ള ഒരു 'ഇസ'മാക്കി തരം താഴ്ത്തുന്ന പരിഹാസം കലർന്ന ജമാഅത്തുകാരുടെ ശൈലി എം. ഐ. സുല്ലമി കടമെടുത്തത് മടവൂർ വിഭാഗത്തെ ന്യായീകരിക്കാനും മറുപക്ഷത്തെ ഒതുക്കാനുമുള്ള 'മൂന്നാംമുറ' എന്ന നിലക്കാണ്. പക്ഷേ, അതെല്ലാം ബൂമെറാങ് പോലെ പിളർപ്പൻമാരുടെ മണ്ടയിൽ തന്നെ വന്ന് പതിക്കുകയാണ്. സലഫീ ആശയങ്ങളെ ഒരു ഇസമായി ചിത്രീകരിച്ച ജമാഅത്തുകാരുടെ 'ബോധനം' ദ്വൈമാസികയെ അവലംബിച്ചുകൊണ്ട് ശബാബിൽ വന്ന ഒരു ചോദ്യോത്തരത്തിലെ ചില പ്രസക്ത ഭാഗങ്ങൾ ഇവർ വായിക്കട്ടെ:

<u>**സലഫിസം എന്നാൽ ചില നിഗമനങ്ങൾ മുറുകെ പിടിക്കലോ?**</u>

"ഇസ്‌ലാമിലെ ഗുരുഭൂതൻമാരൊക്കെ സന്ന് ധിക്കുന്ന അഹ്‌ലുസുന്നവൽ ജമാഅഃയുടെ അതേപാത പിൻപറ്റുന്നവരെ കുറിക്കുന്നതായി പ്രത്യക്ഷത്തിൽ തോന്നിപ്പിക്കുന്ന 'സലഫിസം' എന്ന പദം യഥാർത്ഥത്തിൽ നിർണിതമായ ചില ഇജ്തിഹാദുകളുടെ (ഗവേഷണ വിചിന്തനം) നിഗമനങ്ങളെ മുറുകെ പിടിക്കുന്ന ഒരു പ്രത്യേക കക്ഷികളുടെ അടയാള ശബ്ദമായിത്തീർന്നു. തങ്ങളുടെ ഈ നിഗമനങ്ങളെ അവർ സൻമാർഗികളെയും ദുർമാർഗികളെയും വേർതിരിക്കാനുള്ള മാനദണ്ഡമാക്കുകയും ചെയ്തു. അതേസമയം ഈ ഇജ്തിഹാദുകൾക്ക് അഹ്‌ലുസുന്നയുടെ ഒരു പാതയാകാനുള്ള സാധ്യത മാത്രമേയുള്ളൂ. ഇവരുടെ ദൃഷ്ടിയിൽ ബിദ്അത്തുകളായി എണ്ണപ്പെടുന്ന ഇതര ഇജ്തിഹാദുകളുടെ സ്ഥി

തിയും ഇത് തന്നെ. ശരിയോ തെറ്റോ ആകാനുള്ള സാധ്യത മാത്രമേ അതിനുള്ളൂ.” (ബോധനം ദ്വൈമാസിക, 1999 സെപ്തംബർ-ഒക്ടോബർ, പേജ്. 11) ഇതിനെക്കുറിച്ച് എന്ത് പറയുന്നു?

ഉത്തരം: സലഫികളെ വിമർശിച്ചു നിലംപരിശാക്കാൻ വേണ്ടി വാരികയും ദിനപത്രവും നടത്തിയിട്ട് മതിയാകാത്തതുകൊണ്ട് തുടങ്ങിയ മാസികയുടെ മുഖ്യധർമ്മം സലഫികളെ തകർത്ത് മുസ്ലിം ഐക്യം സ്ഥാപിക്കലാണ്. അതിനുവേണ്ടി ആ മാസികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ വൈചിത്ര്യം വിസ്മയാവഹമത്രെ. അറബ് ലോകത്തെ സലഫികളൊക്കെ ജമാഅത്തുകാരുടെ ആശയങ്ങൾ അംഗീകരിക്കുന്നവരാണെന്നും കേരളത്തിലെ സലഫികൾ സീസറുടെ വീക്ഷണഗതിക്കാരാണെന്നും സ്ഥാപിക്കാനുള്ളതാണ് ചില ലേഖനങ്ങൾ. കേരളത്തിലെ പഴയ സലഫി നേതാക്കളൊക്കെ ജമാഅത്തിന്റെ വീക്ഷണങ്ങൾ അംഗീകരിച്ചിട്ടുണ്ടെന്നും ഇപ്പോഴുള്ളവർ ജമാഅത്തിനെ വെറുതെ വിമർശിക്കുകയാണെന്നും സമർത്ഥിക്കുകയാണ് മറ്റു ചില ലേഖനങ്ങളുടെ ഉദ്ദേശ്യം.

മാസികയുടെ പുതിയ ലക്കങ്ങളിൽ, അറബ് ലോകത്തെ സലഫികളെ ഒരു സങ്കുചിത ഇസത്തിന്റെ വക്താക്കളായി ചിത്രീകരിച്ചു കൊണ്ട് ആരോ എഴുതിയത് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചിരിക്കയാണ്. വിശ്വാസപരമോ കർമപരമോ ആയ ഏത് വിഷയത്തിലാണ് സലഫികൾ കേവലം ചില നിഗമനങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് കക്ഷിത്വമുണ്ടാക്കിയതെന്ന് ആ ലേഖനത്തിൽ ഒരിടത്തും വസ്തുനിഷ്ഠമായി തെളിയിച്ചിട്ടില്ല. വിശുദ്ധ ഖുർആനിലെയോ പ്രാമാണികമായ ഹദീസ് ഗ്രന്ഥങ്ങളിലെയോ ഏതേത് വചനങ്ങൾക്കെതിരിലാണ് സലഫികൾ അഭിപ്രായം പ്രകടിപ്പിച്ചതെന്ന് ആ ലേഖനത്തിൽ ഒരിടത്തും വ്യക്തമാക്കിയിട്ടില്ല. എങ്ങും തൊടാത്ത കുറേ വാചകങ്ങൾ എഴുതിപ്പിടിപ്പിച്ച് സലഫികളെ സമർത്ഥമായി വിമർശിച്ചു എന്ന് ഭാവിച്ചാൽ കേമത്തമായി എന്നായിരിക്കും ഈ മാസിക നടത്തുന്നവർ കരുതുന്നത്.

അറേബ്യയിലെ സലഫികളൊക്കെ ജമാഅത്ത്- ഇഖ്‌വാൻ ലൈനിനോട് തത്വത്തിൽ യോജിക്കുന്നവരാണെന്ന് വരുത്തിത്തീർക്കാൻ വേണ്ടി ഇതേ മാസികയിൽ മുമ്പ് ഒട്ടേറെ എഴുതിയതിനു ശേഷം ഇപ്പോൾ ‘സലഫിസം’ (അറേബ്യൻ മോഡൽ തന്നെ) ഒരു പ്രത്യേക കക്ഷിയുടെ നിഗമനങ്ങൾ മാത്രമാണെന്ന് സമർത്ഥിക്കുന്ന ലേഖനം പ്രസിദ്ധീകരിച്ചത് എന്തിനാണ്? പൂർവാപര വിരുദ്ധങ്ങളായ ലേഖനങ്ങൾ പ്രസീദ്ധീകരിച്ചുകൊണ്ടാണെങ്കിലും സലഫികളെ ഇകഴ്ത്താൻ കിട്ടുന്ന അവസരമൊക്കെ ഉപയോഗപ്പെടുത്തിക്കൊണ്ട് കൃതാർത്ഥതയടയാൻ വേണ്ടി ത്തന്നെ.

യഥാർത്ഥത്തിൽ ‘സലഫിസം’ എന്നൊരു ‘ഇസ’മേയില്ല. വിശുദ്ധ ഖുർആനിൽ നിന്നും പ്രാമാണികമായ ഹദീസുകളിൽ നിന്നും അല്ലാഹുവിന്റെ ദീൻ നേരിട്ടുപഠിക്കാൻ ആഹ്വാനം ചെയ്യുകമാത്രമാണ് സലഫികൾ ചെയ്യുന്നത്. അബൂബക്കർ സി

ദ്ദീഖും (റ), ഉമറുബ്നുൽ ഖത്വാബും (റ) അവരുടെ സഹപ്രവർത്തകരായ സഹാബികളും എങ്ങനെ ദീനിനെ മനസിലാക്കുകയും പിന്തുടരുകയും ചെയ്തുവോ അങ്ങനെ തന്നെയാണ് നമ്മളും ചെയ്യേണ്ടത്. ആ മഹാൻമാരായ സഹാബികൾക്ക് ഇസവും കക്ഷിത്വവും ഉണ്ടായിരുന്നില്ല. അവർ അല്ലാഹുവിൻെറ ശ്രേഷ്ഠ ദാസൻമാരായിത്തീർന്നത് ഏതൊരു ശരിയായ നിലപാടുകൊണ്ടാണോ അതുകൊണ്ട് മാത്രമേ നമുക്കും ശ്രേഷ്ഠത കൈവരിക്കാൻ കഴിയൂ. (ശബാബ് 99, ഒക്ടോബർ 8)

സലഫീ ആദർശത്തെ 'സലഫിസം' എന്ന് പറഞ്ഞ് പരിഹസിച്ചവർക്ക് മറ്റൊരിക്കൽ 'മുസ്ലിം' തന്നെ നൽകിയ മറുപടി ഇതിനോട് ചേർത്ത് വായിക്കുക:

<u>സലഫിസം എന്ന പേരിൽ ഒരു ഇസമില്ല. സലഫ് എന്നാൽ പൂർവ്വികരാണ്.</u> സലഫുസ്വാലിഹ് എന്നു പറഞ്ഞാൽ സച്ചരിതരായ പൂർവ്വികർ. മഹാൻമാരായ സ്വഹാബികളും അവരുടെയടുത്ത ഏതാനും തലമുറകളിലുള്ളവരുമാണവർ. ഇസങ്ങളുടെ പിന്നാലെ പോകാതെ വിശുദ്ധ ഖുർആനിൽനിന്നും തിരുസുന്നത്തിൽനിന്നും ഇസ്ലാമിക തത്വങ്ങൾ ഗ്രഹിച്ചവർ. അതേമാർഗം തെരഞ്ഞെടുത്തവരാണ് ഇന്ന് സലഫികൾ എന്ന് അറിയപ്പെടുന്നവർ...... (ശബാബ് 2001, ഏപ്രിൽ 27)

വ്യതിയാനം ആരോപിച്ച പണ്ഡിത സുഹൃത്തുക്കളെ അപമാനിക്കാനും സത്യപ്രചരണത്തിൻെറ ഗതി മാറ്റാനും വേണ്ടി എം. ഐ. സുല്ലമിയും കൂട്ടരും സ്വീകരിച്ച മാർഗം കാണുമ്പോൾ മക്തി തങ്ങളുടെ വാക്കുകളാണ് ഓർമ്മ വരുന്നത്, അതെ "ജ്ഞാനമില്ലെങ്കിൽ മാനമില്ല, മാനമില്ലെങ്കിൽ നാണമില്ല".

**കെ. കെ. സകരിയ്യാ സ്വലാഹി**